# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 247 | 26.09.2016 -ൽ മറുപടിയ്ക്ക് |
|---|---|

## ബാലഭവനുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) | 2016 ജൂലൈ 16ന് മുൻപ് സംസ്ഥാനത്തെ എല്ലാ ബാലഭവനുകളും ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് സാവകാശം അനുവദിക്കുമോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; . | (എ) | 15.01.2016 മുതൽ 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് (കെയർ ആൻറ് പ്രൊട്ടക്ഷൻ) ആക്ട് പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 41 പ്രകാരം എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും ജെ.ജെ.ആക്ട് നിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയായ 15.01.2016 മുതൽ ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അത് പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ട അവസാന തീയതി 14.07.2016 ആയിരുന്നു. എന്നാൽ ചില ഓർഫനേജുകൾ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി 07.07.2016 വരെ ഓർഫനേജുകൾക്ക് തൽസ്ഥിതി തുടരുവാൻ അനുവാദം നൽകുകയുണ്ടായി. തുടർന്ന് ഈ ഇടക്കാല ഉത്തരവിന്റെ കാലാവധി നാല് മാസം കൂടി ദീർഘിപ്പിച്ചിട്ടുണ്ട് (WP(C) No. 13869/15(G)) അങ്ങനെയാകുമ്പോൾ ഓർഫനേജുകൾക്ക് 07.11.2016 വരെ തൽസ്ഥിതി തുടരാം. സ്റ്റേ ഒഴിവാക്കുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പുതിയ നിയമ പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനു-വേണ്ടിയുള്ള അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ നേരിട്ടു നടത്തുന്ന ജുവനൈൽ ജസ്റ്റിസ് ഹോമുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചിലവ് സർക്കാർ വഹിക്കുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാര-ത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഭൗതീക സാഹചര്യം ഒരുക്കുന്നതിനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് വ്യവസ്ഥ-യില്ല. |
| (സി) | ഓരോ കുട്ടിക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ആക്ടിലെ കർശന വ്യവസ്ഥകൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ അനാഥാലയ-ങ്ങളുടേയും ബാലഭവനുകളുടേയും പ്രവർത്തനം നിന്നുപോകുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടി-ട്ടുണ്ടോ; ഇതിന് പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരി-ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ